"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്-കണ്ണൂർ ജില്ലയിലെ പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂൾ ഫർണിച്ചറും മറ്റും വാങ്ങിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1979/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 21/10/2020

---

പരാമർശം:- 1 കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 31/03/2020-ലെ ബി7-1571/19(എ) നമ്പർ കത്ത്.

2 കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29/06/2020-ലെ കത്ത്.

3 12/08/2020-ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 4.14.

**<u>ഉത്തരവ്</u>**

പട്ടിക വർഗ്ഗ വകുപ്പിന്റെ അധീനതയിൽ കണ്ണൂർ ജില്ലയിലെ പട്ടുവത്ത് ആൺകുട്ടികൾക്കായുള്ള ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ 5-ാം ക്ലാസ് മുതൽ ഹയർ സെക്കന്ററിതലം വരെയുള്ള വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. സ്ഥാപനത്തിന്റെ ഭൗതിക സാഹചര്യം വളരെയേറെ മെച്ചപ്പെട്ടതാണെങ്കിലും വിദ്യാർത്ഥികൾക്ക് ആവശ്യമായ കിടക്ക, കട്ടിൽ എന്നിവ ഉപയോഗശൂന്യമായിട്ടുണ്ട്. ഹൈസ്കൂൾ തലത്തിലെ സ്റ്റാഫ് റൂമിൽ ഉപയോഗിക്കുന്ന മേശ, കസേര എന്നിവയും ഉപയോഗശൂന്യമായിട്ടുണ്ടെന്നും, ടി ആവശ്യത്തിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും 2 ലക്ഷം രൂപയിൽ അധികരിക്കാതെയുള്ള വാങ്ങലുകൾക്കാണ് അനുമതി ലഭിച്ചത് എന്നതിനാൽ ടി തുക ഈ ആവശ്യത്തിന് അപര്യാപ്തമായതിനാൽ കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2019-20 വർഷത്തെ പദ്ധതിയിൽ മിച്ചം വരുന്ന തുകയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കാൻ പ്രോജക്ട് ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയതിനാൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ കിടക്ക, കട്ടിൽ എന്നിവ വാങ്ങുന്നതിനും ഹൈസ്കൂൾ തലത്തിലെ സ്റ്റാഫ് റൂമിൽ ഉപയോഗിക്കാവുന്ന മേശ, കസേര എന്നിവ വാങ്ങുന്നതിനും ജില്ലാ പഞ്ചായത്തിന്റെ ടി.എസ്.പി വിഹിതത്തിൽ നിന്നും 29,00,000/- രൂപയുടെ (ഇരുപത്തി ഒൻപത് ലക്ഷം രൂപ മാത്രം) പദ്ധതി തയ്യാറാക്കുന്നതിന് അനുമതി ലഭ്യമാക്കണമെന്ന് കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം(1)-ലെ കത്തിലൂടെ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതലകോർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

**ജോയിന്റ് സെക്രട്ടറി**

**File No.DB4/84/2020-LSGD**

ജില്ലാ പ്ലാനിംഗ് ഓഫീസർ, കണ്ണൂർ ജില്ല.

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കണ്ണൂർ

ഡയറക്ടർ, പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ .ഐ കെ എം .തിരുവനന്തപുരം

ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by EENAMMA P A

Date 2020.10 12:27:22 IST

Reason Approved

സെക്ഷൻ ഓഫീസർ